08/06/ 2020

17-2-20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1910*(7)/2014*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 11702/എസ്.ഐ.സി–ജി 6/2014)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. പി.ഐ.അരവിന്ദ്,<br>പ്രോജക്ട് എഞ്ചിനീയർ, കെസ്നിക്ക്), ദേവിക,<br>യു–85, ടി.സി–7/953(2), കാഞ്ഞിരപ്പാറ, പി.ഒ.മരുതംകുഴി,<br>തിരുവനന്തപുരം – 695 030. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>വില്ലേജ് ഓഫീസ്,<br>പയ്യന്നൂർ – 670 307, കണ്ണൂർ.<br><br>2. അപ്പീൽ അധികാരി,<br>താലൂക്ക് ഓഫീസ്,<br>തളിപ്പറമ്പ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.03.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 06.05.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 21.06.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.07.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.07.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## **ഉത്തരവ്**

അപ്പീൽ ഹർജിക്കാരനായ ശ്രീ പി.ഐ.അരവിന്ദ്, 24.07.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി ഒന്നാം അപ്പീലിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 12.03.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ശ്രീമതി.സി.കെ.മഞ്ജുളാക്ഷി കൈവശം വച്ചു പോരുന്ന പ്രസ്തുത പയ്യന്നൂർ വില്ലേജിലെ പഴയ സർവ്വേ നമ്പർ.824/1 ഉം റീസർവ്വെ നം.53/1–എ യിൽ വരുന്ന 0.0202 ഹെക്ടർ പ്ലോട്ടിന്റെ സ്കെച്ച് ലഭ്യമാക്കണമെന്നായിരുന്നു.

3. രണ്ടാം എതിർകക്ഷി 03.09.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വിവരം ലഭ്യമല്ലാ എന്നുള്ള മറുപടി നൽകിയെങ്കിലും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചാണ് അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ടി അപ്പീൽ 21.06.2014 ൽ തീർപ്പ് കൽപ്പിച്ച് ഉത്തരവ് നൽകിയിരുന്നു. ശ്രീമതി.സി.കെ.മഞ്ജുളാക്ഷി കൈവശം വച്ചു പോരുന്ന വസ്തുവിന്റെ സ്കെച്ച് അനുവദിക്കണമെന്ന് ടിയാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഏതു ദേശത്താണ് വസ്തു സ്ഥിതി ചെയ്യുന്നതെന്ന് പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ 11.08.2014 ൽ ഓഫീസിൽ നേരിട്ട് ഹാജരാകാൻ അറിയിച്ചതനുസരിച്ച് ടിയാൻ ഹാജരാവുകയും വസ്തു പരിശോധിക്കുകയും ചെയ്തു. അപ്പീൽ ഹർജിക്കാരന് യഥാസമയം മറുപടി നൽകിയിട്ടുണ്ടെന്നും ടിയാൻ പറയുന്നതു പോലെ യാതൊരു കത്തും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൃത്രിമമായി ചമച്ചിട്ടില്ലെന്നും യഥാസമയം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ

സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM